# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 644 01/12/2015-ൽ മറുപടിയ്ക്ക്

## ജനനി ജന്മരക്ഷാ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ<br>ശ്രീ. വി. പി. സജീന്ദ്രൻ<br>" ജോസഫ് വാഴയ്ക്കൻ<br>" കെ. മുരളീധരൻ | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജനനി ജന്മരക്ഷാ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ; | (ബി) | എ.പി.എൽ / ബി.പി.എൽ ഭേദഗതിയില്ലാതെ പട്ടികവർഗ്ഗക്കാരായ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കുമായി പട്ടികവർഗ്ഗ വികസന വകുപ്പ് ജനനീ ജന്മരക്ഷ എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഗർഭാവസ്ഥയുടെ 3-ാം മാസം മുതൽ കുഞ്ഞിന് ഒരു വയസ്സ് തികയും വരെ പ്രതിമാസം 1000/- രൂപ നിരക്കിൽ പരമാവധി 18 മാസം ഗുണഭോക്താക്കൾക്ക് ധനസഹായം നല്കി വരുന്നു. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും മികച്ച രീതിയിലുള്ള പോഷകാഹാരം ലഭ്യമാക്കുക എന്നതിലൂടെ കുഞ്ഞുങ്ങൾക്ക് മെച്ചപ്പെട്ട ആരോഗ്യം ഉറപ്പാക്കുന്നതിന് ഈ പദ്ധതിയിലൂടെ സാധ്യമാകുന്നു. |
| (സി) | പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ? | (സി) | ടി പദ്ധതിക്കായി സർക്കാർ തലത്തിൽ 2013 ജൂൺമാസം 2225-02-282-89 ജനനി ജന്മരക്ഷ പദ്ധതി (പ്ലാൻ) ശീർഷകം അനുവദിച്ച് നല്കുകയും ചുവടെ ചേർത്തിരിക്കും പ്രകാരം പദ്ധതിക്ക് തുക അനുവദിയ്ക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 2013-14 സാമ്പത്തികവർഷം 115 ലക്ഷം രൂപ അനുവദിക്കുകയും തുടർന്ന് Additional authorization മുഖേന 300 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.<br><br>2014-15 സാമ്പത്തികവർഷം 100 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തി അനുവദിക്കുകയും തുടർന്ന് റി-അപ്രോപ്രിയേഷനിലൂടെ 50 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.<br><br>2015-16 സാമ്പത്തികവർഷം 655 ലക്ഷം രൂപ ബജറ്റിൽ അനുവദിച്ച് നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ